## ഗവ:ഹൈസ്കൂൾ ചെറിയൂർ

## ലിറ്റിൽ കൈറ്റ്സ്

### 2019-2020

# ഉറവ്-2

# ഉറവ് -2

## ലിറ്റിൽ കൈറ്റ്സ് 2019-2020

ഗവഃഹൈസ്ക്കൂൾ,ചെറിയൂർ

കുറ്റിയേരി.പി.ഒ,കണ്ണൂർ -670 142

ഫോൺ:04602227948

# ആശംസ




പഠന പ്രവർത്തനത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് 'ഉറവ്' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന കൈയ്യെഴുത്ത് മാസികയ്ക്ക് ഭാവുകങ്ങൾ നേരുന്നു.ഈ മാസികയിലെ എല്ലാ താളുകളും പൂർണമായും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾഅണിയിച്ചൊരുക്കിയതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. മാസിക പ്രകാശിതമാവുന്നതിന്റെ സന്തോഷം പങ്കുവയ്ക്കുന്നു.

ചെറിയൂർ
31. 01 .2020

സ്നേഹപൂർവം
പി.കെ രവി,ഹെഡ്മാസ്റ്റർ

ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ 2019-2020




മുഹമ്മദ് നിദാൽ
ശില്പ എം
നവനീത് കെ.വി
ആദിത്ത് മുട്ടിൽ
ശിബിലി ഖാദർ
ആര്യനന്ദ പി പി
അതുൽ ദിനേശ് ടി വി
സിദ്ധാർഥ് കെ വി
തുഷാർ ദേവ് എം
സാരംഗ് എം

ഷാനിബ വി സ്
പൂജ എം
ആദിത്യ പി വി
അഭിരാം വി
അഭിരാം എം സ്
അഭിനവ് പി
ജിയാ ജെസോ
ശ്രീഹരി ദിനേശ്
അഭിനവ് കെ
സിനാൻ കെ വി

# പത്രാധിപസമിതി

## മാനേജിങ്ങ് എഡിറ്റർ:

പി.കെ.രവി, പ്രഥമാദ്ധ്യാപകൻ

## സ്റ്റാഫ് എഡിറ്റർ:

ലിസ്സി.പി.ആർ

## സ്റ്റുഡന്റ് എഡിറ്റർ:

തുഷാർ ദേവ്

## അംഗങ്ങൾ :

നിദാൽ

ശില്പ.എം

നവനീത്.കെ.വി.

ആദിത്ത് മുട്ടിൽ

ആര്യനന്ദ.പി.പി.

ശിബിലി ഖാദർ

അതുൽ ദിനേശ്

ശ്രീഹരി ദിനേശ്

പൂജ.എം.

ആദിത്യ.പി.വി

ഉറവിന് സമീപം പാർക്കുന്ന

ഒന്നിനും അതിനോടൊപ്പം

വേർപിരിയാനാവില്ല

ഹോൾഡർലിന്

ഉറവകൾക്കു
പറയാനുള്ളത്............

സർഗാത്മകതയുടെ ഉറവിടങ്ങൾ
ഈ സൈബർ കാലത്തും
സജീവമാണ് എന്ന്
സാക്ഷ്യപ്പെടുത്താനുള്ള ശ്രമമാണ്......
മനുഷ്യത്വത്തിനുമേൽ -
ജാതി മത രാഷ്ട്രീയ നിറഭേദങ്ങൾ
പിടിമുറുക്കുമ്പോൾ
മനുഷ്യനാണ് ,മനുഷ്യനാണ്
എന്ന് ഉറക്കെ പറയുവാൻ
ഹൃദയത്തിൻ നിന്നുറവെടുക്കുന്ന
ഈ ആർദ്രതകൾക്ക്
സാധിക്കുമെങ്കിൽ
ഞങ്ങളുടെ ഉദ്യമം
സാർഥകമാണ്...

മുൻ വിധികളില്ലാതെ സ്വീകരിക്കുക.

ഹൃദയപൂർവ്വം
തുഷാർ ദേവ്

# സ്വർഗമാണെന്റെ വിദ്യാലയം

ജൂൺ മാസം സ്കൂളിൽ പോകാൻ ബാഗുമായി ഞാൻ

കൂട്ടുകാരെ കാത്തു നില്പൂ.

ഇടിയും വെട്ടി പേമാരി

മുറ്റത്തു വന്നു.

മഴ കുറയുന്നതും നോക്കി

വരാന്തയിൽ ഞാൻ നിൽപ്പൂ.

കുടയുമായി ദൂരെയകലെ

കൂട്ടുകാരൻ മാടിവിളപ്പൂ.

ജാതിയില്ല മതവുമില്ല

ഒത്തു നമ്മൾ സ്കൂളിൽപോകും.

വേർതിരിവുകാട്ടാതെ നമ്മൾ

ഒറ്റമനസിൽ പങ്കാളിയാകും.

ഒത്തുകൂടി ചെറിയൂർ സ്കൂളിൽ

ഒത്തുരസിച്ചുക്കളിച്ചുരസിച്ചു.

ഒരുമയായിനാം സ്നേഹിതരാം

കൂട്ടുകൂടിനടന്നിടും.

*തോമസ് കെ ജെ*

*എട്ടാം തരം*

# വെള്ളപ്പൊക്കം

ഒരു വെള്ളപ്പൊക്കം കയറിവന്നേ

നാശനഷ്ടങ്ങൾ വരുത്തിവച്ചേ

നഷ്ടങ്ങൾ തമ്മിൽ നിൻ ജാതി മതം

ഉണ്ടാവുന്നത് നിർത്തിവച്ചു.

ജാതിയില്ലാ ഒരു മതവുമില്ലാ ഒന്നായിടാം

നമുക്കൊന്നായിടാം നാടിനായി നാമെല്ലാം ഒന്നായിടാം

കൈകോർത്തിടാം നമുക്ക് കൈകോർത്തിടാം

വെള്ളം തടഞ്ഞ് വീടുനിലനിർത്തിടാം


വെള്ളം തടഞ്ഞിട്ട് രക്ഷനേടാം

രക്ഷപ്പെടാനൊരു വഞ്ചി വന്നു


കയറൂ കയറൂ ഓടിക്കയറൂ...

ജോൺ കെ ജെ

ഏഴാം തരം


Friends












പ്രളയദുരിതം









# മലയാള ഭാഷ

**കേരള നാടിന്റെ മേന്മയറിയുന്ന**

**കൊച്ചുഭാഷയാണന്റെ മലയാളം**

**അമ്മതൻ അമ്മിഞ്ഞപ്പാലിന്റെ**

**മാധുര്യം പോലെ മധുരിക്കുമീ ഭാഷ**

**മലയാള ഭാഷ സുന്ദര ഭാഷ**

**നാവിന്റെ തുമ്പത്ത് തേൻ ചുരത്തുന്ന**

**കൊച്ചുഭാഷയാണന്റെ മലയാളം**

**കൊച്ചുഭാഷയാണെന്റെ മലയാളം**

*ഗംഗ. പി*

*ഏഴാം തരം*



# IF I FIND

**If I find a tailor's son**

**He will teach me how to stitch**

**He will stitch I will stitch**

**We will stitch together**

**If I find a painter's son**

**He will teach me how to painter**

**He will paint I will paint**

**We will paint together**

**If I find a dancer's son**

**He will teach me how to dance**

**He will dance I will dance**

**We will dance together**

ദേവിക. സി

ആറാം തരം

# എന്റെ സ്വന്തം പ്രകൃതി

നമ്മുടെ സ്വന്തം പ്രകൃതി,നമ്മുടെ സ്വന്തം നാട്

ഞാൻ വസിക്കുന്ന നാട്

ഞാൻ മാത്രമല്ല, നമ്മൾ ഇന്ത്യക്കാർ

വസിക്കുന്ന നാടാണിത് (2)

എന്തൊരു സുന്ദരമാണ് ഈ പ്രകൃതി

നമ്മുടെ ഈ നാട്ടിൽ ആറ് ഋതുക്കൾ

കടന്നുപോകുന്നു.

എന്തൊരു നല്ല കാലാവസ്ഥ.

ഓരോ മാസവും ഓരോ ഋതുക്കൾ കടന്ന് വരുന്നു.

എന്ത് സുന്ദരമാണ് ഈ കേരളനാട്

നമ്മുടെ സ്വന്തം നാട്

നമ്മൾ ഇന്ത്യക്കാർ വസിക്കുന്ന നാട് (2)

*ആര്യ മനോജ്*

*ഏഴാം തരം*

# പുതിയ ടീച്ചർ

മൂകമായ ക്ലാസ് റൂം.സുനിത ടീച്ചർ ഇല്ലാത്ത ദിവസം.രണ്ടാം ക്ലാസിലെ കുട്ടികൾക്ക് പുതിയ ടീച്ചർ വരികയാണ്.സുനിത ടീച്ചർ പോയതിൽ പലർക്കും സങ്കടം വിട്ടുകലുന്നില്ല.

സുനിത ടീച്ചർ പറഞ്ഞ ഓരോ വാക്കും മനസ്സിൽ തട്ടുന്നതായിരുന്നു."ഞാനിവിടെ നിന്ന് പോവുകയാണ്.നിങ്ങൾ നന്നായി പഠിക്കണം.നല്ല കുട്ടികളായി വളരണം."എല്ലാവരും സങ്കടത്തോടെ ഇരിക്കുമ്പോൾ ഒരാൾ മാത്രം സങ്കടമില്ലാതെ ഇരിക്കുകയായിരുന്നു.അത് അപ്പു എന്ന കുട്ടിയായിരുന്നു.ഞാനെന്തിന് സങ്കടപ്പെടണം.എന്നെക്കുറിച്ച് ആരും ഒന്നും പറഞ്ഞില്ലല്ലോ.ഞാൻ ഒന്നും പഠിക്കാത്തവനാണ്.ആരോടും മിണ്ടാത്തവനാണ്.പെട്ടെന്നാണ് ഹെഡ് മാഷും കൂടെ ഒരു ടീച്ചറും ക്ലാസിലേക്ക് കടന്നുവരുന്നത്.ഹെഡ് മാഷ് പറഞ്ഞു "ഇതാണ് നിങ്ങളുടെ പുതിയ ടീച്ചർ.എല്ലാവരും ടീച്ചറെ അനുസരിക്കണം.ഒറ്റ നോട്ടത്തിൽ കുട്ടികൾക്ക് പുതിയ ടീച്ചറെ ഇഷ്ടമായി."എന്താ ടീച്ചറുടെ പേര്." "രമ്യ" ടീച്ചർ പറഞ്ഞു."നിങ്ങൾ എല്ലാവരും പഠിക്കുമോ?" ടീച്ചർ ചോദിച്ചു.ചിലർ തലകുലുക്കി."പറഞ്ഞാൽ പോര ഞാൻ ഓരോരുത്തരെക്കൊണ്ട് വായിപ്പിക്കാം".അങ്ങനെ ഏറ്റവും പിറകിൽ മിണ്ടാതിരിക്കുന്ന അപ്പുവിനോട് വായിക്കാൻ പറഞ്ഞു.അപ്പോൾ കുട്ടികളെല്ലാവരും ചിരിക്കാൻ തുടങ്ങി."അതെന്താ അവനോട് വായിക്കാൻ പറഞ്ഞപ്പോൾ നിങ്ങളെല്ലാവരും ചിരിച്ചത്? "കുട്ടികൾ പറഞ്ഞു ,"അവൻ ആരോടും മിണ്ടാത്തവനാണ്.അവൻ ഒന്നും പഠിക്കാത്തവനാണ്"."ആരു പറഞ്ഞു അങ്ങനെ ആരെക്കുറിച്ചും തെറ്റായ വാക്കുകൾ പറയരുത്.മോനേ , നിന്റെ പേരെന്താ ?" "അപ്പു". അവൻ പതുക്കെ പറഞ്ഞു."ആരു പറഞ്ഞു ഇവൻ മിണ്ടൂല എന്ന്.ഇവൻ ഇപ്പോൾ എന്നോട് മിണ്ടിയല്ലോ.ഇനി നിങ്ങൾ ഇവനൊന്നും പഠിക്കൂലാ എന്ന് പറഞ്ഞതുകൂടി തിരുത്താൻ പോവുകയാണ്.അപ്പൂ , മോനൊന്ന് ഉറക്കെ വായിച്ചേ".അങ്ങനെ അവൻ പുസ്തകം കയ്യിലെടുത്ത് ഉറക്കെ വായിക്കാൻ തുടങ്ങി.ടീച്ചർ അവനെ പുറത്തുതട്ടി അഭിനന്ദിച്ചു.ഒരു ഭംഗിയുള്ള പേന സമ്മാനമായി കൊടുക്കുകയും ചെയ്തു.

*നഫീസത്തുൽ മിസ് രിയ.ഒ*

*അഞ്ചാം തരം*





# സ്നേഹനിധികളായ മാതാപിതാക്കൾ

ഓരോ മാതാപിതാക്കൾക്കും അവരുടെ മക്കളെക്കുറിച്ച് ഓരോ പ്രതീക്ഷകള് ഉണ്ടാവും. അവർ അവരുടെ മക്കൾക്കു വേണ്ടി എന്ത് ത്യാഗവും സഹിക്കുന്നവരാണ്.അവർ അവരുടെ മക്കളുടെ വിജയത്തിൽ

എത്രയേറെ സന്തോഷിക്കുന്നുണ്ട് എന്ന് പറഞ്ഞറിയിക്കാൻ കഴിയില്ല കൂടാതെ കുട്ടിയുടെ ഓരോ വളർച്ചയിലും അവർ സന്തോഷിക്കുന്നു.കാരണം അവർ മക്കളെ ജീവനിലേറെ സ്നേഹിക്കുന്നു.എത്ര പാവപ്പെട്ടവരായാലും ഓരോ മാതാപിതാക്കളും അവരുടെ നല്ല ഭാവിക്കുവേണ്ടി എന്ത് വിഷമവും സഹിക്കുന്നു.അതുകൊണ്ടാണ് രക്ഷിതാക്കൾ അവരുടെ മക്കളെ ജീവനുതുല്യം സ്നേഹിക്കുന്നു എന്നു പറയുന്നത്.ഓരോ കുട്ടിയും വഴി തെറ്റുമ്പോൾ അവരുടെ മാതാപിതാക്കൾക്ക് ഉണ്ടാകുന്ന വിഷമം എത്രയെന്ന് പറയാൻ കഴിയില്ല.ഓരോ കുട്ടിയും തൻെറ ഇഷ്ടത്തിനനുസരിച്ച് ദുശ്ശീലപ്രവർത്തനങ്ങൾ ചെയ്യുമ്പോൾ അവരെ ജീവനിലേറെ സ്നേഹിക്കുന്ന മാതാപിതാക്കളെ കുറിച്ച് ചിന്തിക്കുന്നില്ല.അപ്പോൾ ആ മാതാ- പിതാക്കൾക്ക് ഉണ്ടാകുന്ന ദുഖം എത്രയെന്ന് പറയാൻ പോലും കഴിയില്ല. ഉദാഹരണത്തിന്,ഒരു കുട്ടി വഴിതെറ്റിയപ്പോൾ ആദ്യമൊക്കെഉപദേശം നൽകുകയും ചിലപ്പോൾ സങ്കടം കൊണ്ട് അടിക്കുകയും ശകാരിക്കുകയും ചെയ്യേക്കാം. ആ നേരംകുട്ടി ദേഷ്യം കാരണം മാതാപിതാക്കളെ എന്തെങ്കിലും പറഞ്ഞേക്കാം. പക്ഷേ ആ കുട്ടിക്ക് ഒരു ദിവസം തെറ്റ് മനസിലാവുകയും മാതാപിതാക്കളോട് മാപ്പ് പറയുകയും ചെയ്താൽ ആ മാതാപിതാക്കൾക്കുണ്ടാകുന്ന സന്തോഷം എത്ര വലുതായിരിക്കാം.ആ നേരം ആ മാതാപിതാക്കളിൽ കുട്ടിയെക്കുറിച്ച് കൂടുതല് പ്രതീക്ഷകൾഉണ്ടാവുന്നു. ഓരോ മാതാപിതാക്കളും തൻെറ മക്കളുടെ വിജയത്തിലും തോൽവിയിലും കൂടെ നിൽക്കുകയും ആത്മവിശ്വാസം നൽകുകയും ചെയ്യുന്നു.ചിലപ്പോൾ ചില കുട്ടികൾക്ക് തൻെറ ഏറ്റവും വലിയ കൂട്ടുകാർ അവരുടെ അമ്മയും അച്ഛനും ആയിരിക്കും.

**ഈ ലോകത്ത് ഓരോ കുട്ടിക്കും**

**വിശ്വസിച്ച് സ്നേഹിക്കാൻ പറ്റിയ രണ്ടാൾക്കാർ**

**മാത്രമേ ഉള്ളൂ.............**

**അത് അവരുടെ അച്ഛനും അമ്മയും ആയിരിക്കും.**

*സഹല തസ്നീം . കെ*

*ഏഴാം തരം*

